# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 219 — 28.11.2018 ൽ മറുപടിയ്ക്ക്

### ഫുഡ് ഫോർ ഫ്രീഡം

| ചോദ്യം<br>ഡോ. എം.കെ. മുനീർ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | "ഫുഡ് ഫോർ ഫ്രീഡം" എന്ന ജയിൽ വകുപ്പിന്റെ സംരംഭം ഇപ്പോൾ ഏതെല്ലാം ജില്ലകളിൽ നടപ്പാക്കിവരുന്നു ; ഓരോ ജില്ലയിലും എത്ര വീതം പൊതു വിൽപ്പന ഔട്ട് ലെറ്റുകൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) | ജയിൽ വകുപ്പിൽ ആരംഭിച്ച ഫുഡ് ഫോർ ഫ്രീഡം എന്ന സംരംഭം താഴെപ്പറയുന്ന 12 ജയിലുകളിൽ 2018 നവംബർ 1 മുതൽ 'ഫ്രീഡം ഫുഡ് ഫാക്ടറി' (Freedom Food Factory) എന്ന പുനർ നാമത്തിൽ പ്രവർത്തിച്ചുവരുന്നു. |

| ക്രമ നം. | സ്ഥാപനം | ഔട്ട് ലെറ്റുകളുടെ എണ്ണം |
|---|---|---|
| 1 | സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം | 4 മൊബൈൽ കൗണ്ടർ<br>3 ടേക് എവേ കൗണ്ടർ. |
| 2 | സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, വിയ്യൂർ, തൃശ്ശൂർ | 1 വില്പനകൗണ്ടർ<br>2 മൊബൈൽ കൗണ്ടർ. |
| 3 | സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, കണ്ണൂർ | 2 വിൽപ്പന കൗണ്ടർ<br>3 മൊബൈൽ കൗണ്ടർ |
| 4 | തുറന്ന ജയിൽ & കറക്ഷണൽ ഹോം, ചീമേനി, കാസർഗോഡ് | 3 മൊബൈൽ കൗണ്ടർ<br>4 വില്പന കൗണ്ടർ. |
| 5 | ജില്ലാ ജയിൽ, കൊല്ലം | 1 വില്പന കൗണ്ടർ<br>1 മൊബൈൽ കൗണ്ടർ |

| | | |
|---|---|---|
| 6 | ജില്ലാ ജയിൽ, പത്തനംതിട്ട | ശബരിമല തീർത്ഥാടന സമയത്ത് മാത്രം പ്രവർത്തിക്കുന്നു. എന്നാൽ പത്തനംതിട്ട ജില്ലാ ജയിലിന് പുതിയ കെട്ടിട നിർമ്മാണം നടക്കുന്നതിനാൽ ഇപ്പോൾ പ്രസ്തുത യൂണിറ്റ് പ്രവർത്തിക്കുന്നില്ല. |
| 7 | ജില്ലാ ജയിൽ, ആലപ്പുഴ | 2 വില്പന കൗണ്ടർ |
| 8 | ജില്ലാ ജയിൽ, എറണാകുളം | 1 വില്പന കൗണ്ടർ |
| 9 | ജില്ലാ ജയിൽ, കോഴിക്കോട് | 1 വില്പന കൗണ്ടർ |
| 10 | വനിതാ ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം | 1 വില്പന കൗണ്ടർ |
| 11 | വനിതാ തുറന്ന ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം | പ്രത്യേക കൗണ്ടർ ഇല്ല. പകരം തിരുവനന്തപുരം സെൻട്രൽ പ്രിസണിലെ കൗണ്ടറുകൾ വഴി വില്പന നടത്തുന്നു. |
| 12 | സ്പെഷ്യൽ സബ് ജയിൽ, തിരുവനന്തപുരം | |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ഔട്ട് ലെറ്റുകളിൽ പ്രവർത്തന സമയം രേഖപ്പെടുത്തിയിട്ടില്ലാത്തത് ഭക്ഷണം വാങ്ങാനെത്തുന്നവരെ പലപ്പോഴും ബുദ്ധിമുട്ടിക്കുന്നുവെന്ന വസ്തുത ശ്രദ്ധിച്ചിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | പൊതുജനങ്ങൾ ഭക്ഷ്യോൽപ്പന്നങ്ങൾ വാങ്ങാനെത്തുന്ന ഇത്തരം ഔട്ട് ലെറ്റുകളിൽ കൃത്യമായ പ്രവർത്തന സമയം രേഖപ്പെടുത്താത്തതും പാലിക്കാത്തതും എന്തുകൊണ്ട് എന്നറിയിക്കുമോ ; | (സി) | തിരുവനന്തപുരം, വിയ്യൂർ സെൻട്രൽ ജയിലുകൾ, എറണാകുളം, കോഴിക്കോട് ജില്ലാ ജയിലുകൾ, തിരുവനന്തപുരം വനിതാ ജയിൽ എന്നീ സ്ഥാപനങ്ങളുടെ ഔട്ട് ലെറ്റുകളിൽ പ്രവർത്തന സമയം രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തന സമയം രേഖപ്പെടുത്തിയിട്ടില്ലാത്ത മറ്റ് ഔട്ട് |

| | | | |
|---|---|---|---|
| | | | ലെറ്റുകളിലും കൃത്യമായ സമയക്രമം രേഖപ്പെടുത്തി പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ജയിൽ മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ജനോപകാരപ്രദമായ ഇത്തരമൊരു ഗവൺമെന്റ് ഭക്ഷ്യവിൽപ്പനശാല നിലനിർത്തുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ